# പതിനാലാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി XII
## (ആരോഗ്യവും കുടുംബക്ഷേമവും)

### 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും ,സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2016 നവംബർ 7-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XII
## (ആരോഗ്യവും കുടുംബക്ഷേമവും)

2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ
ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

1138/2016.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XII

## ആരോഗ്യവും കുടുംബക്ഷേമവും

## (2016-2018)

### ഘടന

<u>ചെയർപേഴ്സൺ:</u>

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,
ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ഗീതാ ഗോപി

ശ്രീ. സി. മമ്മൂട്ടി

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ. കാരാട്ട് റസാഖ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. പി. കെ. ശശി

ശ്രീ. ബി. സത്യൻ

ശ്രീ. വി. എസ്. ശിവകുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥന, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥന, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന (പോഷകാഹാരം) എന്നിവയിന്മേലുള്ള 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ ആരോഗ്യ വകുപ്പിനെ സംബന്ധിച്ച 51 ശിപാർശകളാണ് ഉണ്ടായിരുന്നത്. അവയിൽ 5, 6 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 7-12-2015-ലെ യോഗത്തിലും, 49-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 9-3-2016-ലെ യോഗത്തിലും 8-18, 20-29, 31 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 20-9-2016-ലെ യോഗത്തിലുമായി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളിലായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്തിൽ സർക്കാരിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചതും സമിതി അംഗീകരിച്ചതുമായ ശിപാർശകളെ സംബന്ധിച്ച വിശദാംശങ്ങളും രണ്ടാം ഭാഗത്തിൽ നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശിപാർശകളെ സംബന്ധിച്ച വിശദാംശങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2016 ഒക്ടോബർ 27-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. കെ. ശൈലജ ടീച്ചർ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2016 ഒക്ടോബർ 27.

# റിപ്പോർട്ട്

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി XII-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

## ഭാഗം I

## സമിതിയുടെ ശിപാർശകളും ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികളും

## ധനാഭ്യർത്ഥന നമ്പർ XVIII

## വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

### ശിപാർശ

മെഡിക്കൽ ഹൗസ് സർജന്മാരുടേയും മെഡിക്കൽ ജൂനിയർ, സീനിയർ റസിഡന്റുമാരുടേയും മാസ സ്റ്റൈപ്പന്റ് നിരക്കിൽ വന്ന വർദ്ധനവിനെ തുടർന്നുള്ള അധികബാധ്യത വഹിക്കുന്നതിനും സ്കോളർഷിപ്പ് സ്റ്റൈപ്പന്റ് ഇനത്തിൽ വിതരണം ചെയ്യുന്നതിനും വകയിരുത്തിയിട്ടുള്ള തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി. ഇക്കാര്യം വിശദമായി പരിഗണിച്ച സമിതി ആകെ 2663.46 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2210-05-105-98-12 - മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 547 ലക്ഷം
2210-05-105-97-12 - മെഡിക്കൽ കോളേജ്, കോഴിക്കോട് - 548 ലക്ഷം
2210-05-105-96-12 - മെഡിക്കൽ കോളേജ്, കോട്ടയം - 482 ലക്ഷം
2210-05-105-95-12 - മെഡിക്കൽ കോളേജ്, ആലപ്പുഴ - 130 ലക്ഷം
2210-05-105-94-12 - മെഡിക്കൽ കോളേജ്, തൃശ്ശൂർ - 700 ലക്ഷം
2210-05-105-93-12 - ഡെന്റൽ കോളേജ്, കോഴിക്കോട് - 47.72 ലക്ഷം

2210-05-105-92-12 - ഡെന്റൽ കോളേജ്, തിരുവനന്തപുരം -24.56 ലക്ഷം

2210-05-105-34-12 - ഡെന്റൽ കോളേജ്, കോട്ടയം - 17 ലക്ഷം

2210-05-105-42-12 - നഴ്സിംഗ് കോളേജ്, തിരുവനന്തപുരം - 120 ലക്ഷം

2210-05-105-41-12 - നഴ്സിംഗ് കോളേജ്, കോട്ടയം -5.68 ലക്ഷം

2210-05-105-33 12 - നഴ്സിംഗ് കോളേജ്, തൃശ്ശൂർ - 41.50 ലക്ഷം

(ഖണ്ഡിക-5)

## സ്വീകരിച്ച നടപടി

മെഡിക്കൽ ഹൗസ് സർജന്മാരുടേയും മെഡിക്കൽ ജൂനിയർ, സീനിയർ റസിഡന്റുമാരുടേയും സ്കോളർഷിപ്പ് സ്റ്റൈപ്പന്റ് നിരക്കിലുള്ള വർദ്ധനവിനെ തുടർന്ന് വേണ്ടി വരുന്ന അധിക ഫണ്ട് നിലവിലുള്ള ബഡ്ജറ്റ് വിഹിതം തീർന്നതിനുശേഷമേ അനുവദിക്കുകയുള്ളൂ. അതിനാൽ 2015-16 വർഷത്തെ നിലവിലുള്ള ബഡ്ജറ്റ് വിഹിതം ചെലവായതിനു ശേഷം അധിക തുക അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## ശിപാർശ

2210-05-105-47 - മെഡിക്കൽ കോളേജ്, എറണാകുളം

എറണാകുളത്തെ മെഡിക്കൽ കോളേജും നഴ്സിംഗ് കോളേജും സർക്കാർ ഏറ്റെടുത്തുവെങ്കിലും പ്രസ്തുത കോളേജുകളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2210-05-105-47 എന്ന ശീർഷകത്തിൽ 1991.21 ലക്ഷം രൂപ മേൽ സൂചിപ്പിച്ച ആവശ്യങ്ങൾക്കായി പദ്ധതിയേതര ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-6)

## സ്വീകരിച്ച നടപടി

ഗവൺമെൻറ് മെഡിക്കൽ കോളേജ് എറണാകുളത്തിന് വേണ്ടി 500 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഗവൺമെന്റ് നഴ്സിംഗ് കോളേജ് എറണാകുളത്തിന്

2210-05-105-54 ആയി പുതിയ ശീർഷകം അനുവദിക്കുകയും 15.21 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2210-05-001-98-05-3 - <u>ടെലിഫോൺ ചെലവ്</u>

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ സർക്കാർ സ്വാശ്രയ കോളേജുകളും പ്രൈവറ്റ് കോളേജുകളും നിലവിലുണ്ട്. ഈ സ്ഥാപനങ്ങളിലേയ്ക്ക് നിരന്തരം വിവിധ കാര്യങ്ങൾക്കായി ടെലിഫോൺ മുഖേന ബന്ധപ്പെടേണ്ടതായിട്ടുണ്ട്. എന്നാൽ ടെലിഫോൺ ചെലവിനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ 79,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

<u>ശിപാർശ</u>

2210-05-001-98- <u>ആയുർവ്വേദ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം</u>

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചിട്ടുള്ള 2210-05-001-98 എന്ന നോൺ പ്ലാൻ ശീർഷകത്തിൽ 06-ആർ.ആർ.ടി. എന്ന ശീർഷകം അനുവദിച്ചിട്ടില്ല എന്നും ഈ ശീർഷകത്തിൽ നിന്നും വഹിക്കേണ്ട പ്രോപ്പർട്ടി ടാക്സ് തുടങ്ങിയ ആവശ്യങ്ങൾ 24-മെറ്റീരിയൽ ആന്റ് സപ്ലൈസ് എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുകയാണ് ചെയ്ത് വരുന്നത് എന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ 4-ാം നില കെട്ടിടത്തിന് കോർപ്പറേഷനിൽ നിന്ന് അനുമതി ലഭിക്കുകയും വാടക നിശ്ചയിക്കുകയും ചെയ്തിട്ടുള്ള സാഹചര്യം കൂടി നിലനിൽക്കുന്നതിനാൽ മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ എല്ലാം നേരിടുന്നതിനായി 2210-05-001-98-06-

ആർ.ആർ.ടി. എന്ന ഉപശീർഷകം അനുവദിച്ച് ആയതിൽ 50,000 രൂപ നടപ്പ് വർഷത്തേയ്ക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

**സർക്കാർ ആയുർവേദ കോളേജ്, തിരുവനന്തപുരം**

<u>ശിപാർശ</u>

2210-05-101-95-05-1- <u>ആയുർവേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം -വെള്ളക്കരം</u>

ആയുർവേദ കോളേജുകളിലെയും സബ്ഓഫീസുകളിലെയും കോളേജിന്റെ കീഴിലുള്ള മൂന്ന് ആശുപത്രികളിലും വെള്ളം വളരെ കൂടുതലായി ഉപയോഗിക്കേണ്ടി വരുന്നതിനാൽ വെള്ളക്കരം ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ 10 ലക്ഷം രൂപ അധികമായി ഈ ഹെഡിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-05-101-95-12 <u>- സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

ആയുർവേദ ഇന്റേൺഷിപ്പ് വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 15,000 രൂപയായി വർദ്ധിപ്പിച്ചതിനാലും, പി. ജി. വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 25,000 രൂപയായി വർദ്ധിപ്പിച്ചതിനാലും ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് കാണുന്നു. ആകയാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖാന്തരം 1,91,13,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2210-02-101-99-24- കോളേജ് ആശുപത്രികളും പ്രസവ വാർഡുകളും- സാധന സാമഗ്രികൾ

തിരുവനന്തപുരം ആയുർവ്വേദ ആശുപത്രികളിലേക്കും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലേക്കും വാങ്ങുന്ന അവശ്യ സാധനങ്ങളുടെ വിലയും ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് നൽകുന്ന ആഹാര സാധനങ്ങൾ, പാലുല്പന്നങ്ങൾ, എൽ.പി.ജി. ഗ്യാസ്, ക്ലീനിംഗ് സാധനങ്ങൾ മുതലായവയുടെ വിലയും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നു കാണുന്നു. ആകയാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2210-02-101-96- 24 - ആയുർവ്വേദ ഫാർമസി-സാധന സാമഗ്രികൾ

തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ കോളേജിനു കീഴിലുള്ള മൂന്ന് ആശുപത്രികളിലേയ്ക്കും ആവശ്യമായ മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിലേയ്ക്കുള്ള അസംസ്കൃത മരുന്നുകൾ വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖാന്തരം 15,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2210-05-101-96-05 - ഓഫീസ് ചെലവുകൾ

വൈദ്യുത ചെലവ്, ടെലിഫോൺ ചെലവ്, മറ്റിനങ്ങൾ തുടങ്ങിയ ഓഫീസ് ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 6 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖാന്തരം 4,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2210-05-101-96-12 - സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

കോളേജുകളിലെ പി.ജി.കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, എം.ജി.യൂണിവേഴ്സിറ്റി/കെ.യു.എച്ച്.എസ്. മുഖാന്തരമുള്ള രണ്ട് ബാച്ച് ഇന്റേൺഷിപ്പ് വിദ്യാർത്ഥികൾക്ക് അലവൻസ് എന്നിവ നൽകുന്നതിന് ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 146.50 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖാന്തരം 1,78,60,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2210-05-101-96-24 - സാധന സാമഗ്രികൾ

കോളേജുകളിലേയും ഫാർമസിയിലേയും ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലാബ് ഉപകരണങ്ങൾ, രാസവസ്തുക്കൾ, രോഗികൾക്ക് ആവശ്യമായ മരുന്നുകൾ

തുടങ്ങിയവ വാങ്ങുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-05-101-96-34 - <u>മറ്റ് ചെലവുകൾ</u>

കോളേജിന്റെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, ജീവനക്കാരുടെ യൂണിഫോം എന്നിവയ്ക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-05-101-96-28 -<u>തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ</u>

കോളേജിലെ ഗസ്റ്റ് ലക്ചറർമാർക്ക് റമ്യൂണറേഷൻ നൽകുന്നതിന് ഈ ശീർഷകത്തിൽ 4.74 ലക്ഷം രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 1,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ 4.74 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

## ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ

ശിപാർശ

2210-05-101-79-05-2- വൈദ്യുതി ചെലവ്

കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ പുതിയതായി പണികഴിപ്പിക്കുന്ന ലേഡീസ് ഹോസ്റ്റലിലെ അധിക നിലയിലെ മുറികൾ ഉപയോഗക്ഷമമാക്കുന്നതോടു കൂടി വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവുണ്ടാകുമെന്നതിനാൽ നിലവിൽ വൈദ്യുതി ചെലവിനത്തിൽ അനുവദിച്ചിട്ടുള്ള തുക മതിയാവുകയില്ല എന്നതു പരിഗണിച്ച് ഈ ഇനത്തിൽ 1 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2210-05-101-79-05-3 - ടെലിഫോൺ ചെലവുകൾ

ടെലിഫോൺ ചാർജ്ജിനത്തിൽ നിലവിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 30,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2210-05-101-79-06 - വാടക, കരം, നികുതി

വിവിധ ക്വാർട്ടേഴ്സുകളുടെ കെട്ടിട നികുതികൾ അടയ്ക്കേണ്ടതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-05-101-79-12 - <u>സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

സ്കോളർഷിപ്പുകൾക്കും സ്റ്റൈപ്പന്റുകൾക്കുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 95 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

അഡീഷണൽ ആതറൈസേഷൻ മുഖാന്തരം 36,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2210-05-101-79-45 - <u>പി.ഒ.എൽ.</u>

ഡീസൽ ചാർജ്ജിൽ വർദ്ധനയുണ്ടായതുമൂലമുള്ള അധിക ചെലവ് വഹിക്കേണ്ടി വരുമെന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 50,000 രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-05-101-79-99 - <u>വിവരസാങ്കേതിക വിദ്യ</u>

ഐ.ടി.സംബന്ധമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് നിലവിൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക തീരെ പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതര ഇനത്തിൽ 11,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

## ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ

ശിപാർശ

2210-02-101-78-05-2 - വൈദ്യുതി ചെലവ്

പുതിയതായി പ്രവർത്തനം ആരംഭിച്ച എക്സ്റേ കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജ്, വൈദ്യുതി ചാർജ്ജിൽ പൊതുവേ ഉണ്ടായിട്ടുള്ള വർദ്ധനവ് എന്നിവ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമാവുകയില്ല എന്ന വസ്തുത പരിഗണിച്ച് പദ്ധതിയേതര ഇനത്തിൽ 3.69 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

## ഭാരതീയ ചികിത്സാ വകുപ്പ്

## ആയുർവ്വേദ ഡയറക്ടറേറ്റ്

ശിപാർശ

2210-02-001-99-05-03 - ടെലഫോൺ ചാർജ്ജ്

ഡയറക്ടറേറ്റിലെ ടെലഫോൺ ചാർജ്ജിനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-27)

സ്വീകരിച്ച നടപടി

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കാനായില്ല.

ശിപാർശ

2210-02-101-97-05-2 - മറ്റ് ആശുപത്രികളും ഡിസ്പെൻസറികളും-

വൈദ്യുതിചാർജ്ജ്

വൈദ്യുത ചാർജ്ജിനത്തിൽ കുടിശ്ശിക തുക നൽകാനുള്ളതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു.

ആയതിനാൽ പദ്ധതിയേതര ഇനത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-28)

<u>സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കാനായില്ല.

<u>ശിപാർശ</u>

14 ജില്ലകളിലേയും ആയുർവേദ സ്ഥാപനങ്ങളിലെ രോഗികൾക്കായുള്ള ഭക്ഷണത്തിനും കഷായം, ഭക്ഷണം എന്നിവ പാചകം ചെയ്യുന്നതിനുള്ള ഇന്ധന ചെലവിനുമായി നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക പദ്ധതിയേതരയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-02-198-50-24 | - വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം-സാധന സാമഗ്രികൾ | 5 ലക്ഷം |
| 2210-02-197-50-24 | -ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം-സാധന സാമഗ്രികൾ | 20 ലക്ഷം |
| 2210-02-196-50-24 | - ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം സാധന സാമഗ്രികൾ | 2 ലക്ഷം |
| 2210-02-192-50-24 | -മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കുമുള്ള ധനസഹായം സാധന സാമഗ്രികൾ | 40 ലക്ഷം |
| 2210-02-191-50-24 | -മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം -സാധന സാമഗ്രികൾ | 1.5 ലക്ഷം |



(ഖണ്ഡിക-29)

സ്വീകരിച്ച നടപടി

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കാനായില്ല.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

ശിപാർശ

2210-01-200-93 - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിൽ പുതിയ ഇൻപേഷ്യന്റ് വിഭാഗവും മികച്ച ഉപകരണങ്ങൾ ഉൾപ്പെടെയുള്ള പുതിയ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ദൈനംദിനപ്രവർത്തനങ്ങൾക്കുള്ള ചെലവ്, ശമ്പളം, വേതനം, ശമ്പളേതര ചെലവുകൾ എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 145.8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതുകൂടാതെ ഇൻപേഷ്യന്റ് വിഭാഗത്തിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പഠന ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ധനകാര്യ കമ്മീഷന്റെ സഹായത്തോടുകൂടി നടന്നു വരുന്ന നൂതന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുകയും പര്യാപ്തമല്ലെന്നു കാണുന്നതിനാൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-31)

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം ഇൻസ്റ്റിറ്റ്യൂട്ടിനായി പദ്ധതിയിനത്തിൽ 300 ലക്ഷം രൂപയും പദ്ധിതിയേതരയിനത്തിൽ 50 ലക്ഷം രൂപയും

വകയിരുത്തിയിരുന്നു. ഇതിൽ പദ്ധതിയിനത്തിൽ 250 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും റിലീസ് ചെയ്തു തരുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിനത്തിൽ ബാക്കിയുള്ള 50 ലക്ഷം രൂപ ഇ-ലെഡ്ജറിൽ ഉൾപ്പെടുത്തിയിരുന്നു.

നടപ്പു സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 54.20 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ ഇതിനോടകം റിലീസ് ചെയ്തു കഴിഞ്ഞു. പദ്ധതിയേതരയിനത്തിൽ 25 ലക്ഷം രൂപ റിലീസ് ചെയ്തു കൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. ബാക്കിയുള്ള 29.20 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

### ശിപാർശ

2210-06-104-98 – മരുന്നു പരിശോധനശാല

ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ കണ്ടം ചെയ്ത വാഹനങ്ങൾക്ക് പകരം പുതിയ 5 വാഹനങ്ങളും കണ്ടം ചെയ്യാറായ വാഹനങ്ങൾക്ക് പകരം പുതിയ 3 വാഹനങ്ങളും ഉൾപ്പെടെ ആകെ 8 വാഹനങ്ങൾ വാങ്ങുന്നതിനായി പദ്ധതിയേതര ഇനത്തിൽ 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-49)

### സ്വീകരിച്ച നടപടി

അധികമായി തുക അനുവദിക്കുകയുണ്ടായില്ല.

## ഭാഗം II

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മറുപടി ലഭിക്കാത്ത ഖണ്ഡികകൾ

| ക്രമ നം. | വകുപ്പ് | ശിപാർശ ഖണ്ഡിക |
|---|---|---|
| **ധനാഭ്യർത്ഥന നമ്പർ XVIII** | | |
| 1 | ആരോഗ്യ വകുപ്പ് | 1, 2, 3, 4, 32, 33, 34, 36, 37, 38, 39, 47 |
| 2 | ആയുഷ് വകുപ്പ് | 7, 19, 30, 35 |
| 3 | ഭക്ഷ്യസുരക്ഷാ വകുപ്പ് | 40, 41, 42, 43, 44, 45, 46 |
| 4 | കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല | 48 |
| **ധനാഭ്യർത്ഥന നമ്പർ XIX** | | |
| 5 | കുടുംബക്ഷേമ വകുപ്പ് | 50, 51 |

കെ. കെ. ശൈലജ ടീച്ചർ
*ചെയർപേഴ്സൺ*
*സബ്ജക്ട് കമ്മിറ്റി-XII.*

തിരുവനന്തപുരം,
2016 ഒക്ടോബർ 27.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.